2915
8/2/18

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - സംസ്ഥാനത്ത് പ്ലാന്റേഷൻ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ച ഉത്തരവ് സാധൂകരിച്ചുകൊണ്ടും, ദീർഘിപ്പിച്ച കാലയളവിലെ അലവൻസ് അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (ഡി)വകുപ്പ്**

**സ.ഉ.(കൈ) നം./5/2018/തൊഴിൽ** തീയതി,തിരുവനന്തപുരം, 23/01/2018

പരാമർശം:- 1) 27.11.2015-ലെ സ.ഉ.(കൈ)നം.188/2015/തൊഴിൽ നമ്പർ ഉത്തരവ്

2) 05.04.2016-ലെ സ.ഉ.(കൈ)നം.65/2016/തൊഴിൽ നമ്പർ ഉത്തരവ്

**ഉത്തരവ്**

സംസ്ഥാനത്ത് പ്ലാന്റേഷൻ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻ നായരെ നിയമിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങൾ മൂലം കമ്മീഷന്റെ പ്രവർത്തനം നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ കമ്മീഷന്റെ കാലാവധി 01.03.2016 മുതൽ 31.08.2016 വരെ 6 മാസത്തേക്ക് ദീർഘിപ്പിച്ച് നൽകണമെന്ന് ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ കമ്മീഷൻ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ലെ ഉത്തരവ് പ്രകാരം കമ്മീഷന്റെ കാലാവധി 01.03.2016 മുതൽ 31.08.2016 വരെ 6 മാസത്തേക്ക് ദീർഘിപ്പിച്ച് നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ ദീർഘിപ്പിച്ച കാലയളവിലെ കൺസോളിഡേറ്റഡ് അലവൻസിനെക്കുറിച്ച് പരാമർശിച്ചിരുന്നില്ല.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കമ്മീഷന്റെ കാലാവധി 01.03.2016 മുതൽ 31.08.2016 വരെ 6 മാസത്തേക്ക് ദീർഘിപ്പിച്ച് നൽകിയ പരാമർശം (2) ലെ ഉത്തരവ് സാധൂകരിച്ചുകൊണ്ടും ദീർഘിപ്പിച്ച കാലയളവിലെ കൺസോളിഡേറ്റഡ് അലവൻസ് ഒരു മാസത്തേക്ക് 1,00,000/- ( ഒരു ലക്ഷം രൂപ മാത്രം) രൂപയായി അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ

സ്വീകരിക്കുന്നതിനായി ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടോം ജോസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ, ചിന്മാലയ, ശങ്കർ റോഡ്, ശാസ്തമംഗലം, തിരുനന്തപുരം. ( ലേബർ കമ്മീഷണർ മുഖേന)
ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, കോട്ടയം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ&ഇ/ആഡിറ്റ് ), തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( 29.09.2016-ലെ . 264991/എച്ച്&എൽ-എ3/2016-ധന നം കുറിപ്പ് പ്രകാരം)
പൊതുഭരണ എസ്.സി വകുപ്പ് (01.01.2018-ലെ മന്ത്രിസഭായോഗത്തിന്റെ ഇനം നം. 1801 പ്രകാരം )
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ (മന്ത്രിസഭാ യോഗത്തിന്റെ കുറിപ്പ് സഹിതം പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ശേഖരം / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

(signature)
സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പി.എസിന്

D2/79/2016-LBRD

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 01-01-2018

ഫയൽ നം.25175/ഡി2/2015/തൊഴിൽ — ഇനം നം: 1801

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - റിട്ട. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് സാധൂകരിക്കുന്നതും അലവൻസ് അനുവദിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു. കൺസോളിഡേറ്റഡ് അലവൻസ് ഒരു മാസത്തേക്ക് ഒരു ലക്ഷം രൂപയായിരിക്കും.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

പോൾ ആന്റണി
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. 25175/ഡി2/2015/തൊഴിൽ |
| 2 | വകുപ്പ് | : | തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് |
| 3 | വിഷയം | : | ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചു കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് സാധൂകരിക്കുന്നതും അലവൻസ് അനുവദിക്കുന്നതും - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : | 01.12.2017 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | ആണ് |
| | ii. സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്. | : | ശ്രീ .മോഹനകുമാർ.എ).കെ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്. | : | ശ്രീ. സുബ്രതാ ബിശ്വാസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 18.12.2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ. കെ.എം. എബ്രഹാം |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 19.12.2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്. | : | ശ്രീ. ടി.പി. രാമകൃഷ്ണൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 22.12.2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 26.12.2017 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി. | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും. | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സംസ്ഥാനത്ത് പ്ലാന്റേഷൻ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ കാലാവധി 01.03.2016 മുതൽ 31.08.2016 വരെ 6 മാസത്തേക്ക് ദീർഘിപ്പിച്ച് നൽകിയ 05.04.2016-ലെ സ.ഉ (കൈ) നം. 65/2016/തൊഴിൽ ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നതിനും കമ്മീഷന്റെ കാലാവധി 6 മാസത്തേക്ക് ദീർഘിപ്പിച്ച് നൽകിയ കാലയളവിലെ അലവൻസ് അനുവദിക്കുന്നതും സംബന്ധിച്ചതുമാണ് ഇതിലെ പ്രതിപാദ്യ വിഷയം.

2)സംസ്ഥാനത്ത് പ്ലാന്റേഷൻ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജസ്റ്റിസ് എൻ. കൃഷ്ണൻ നായരെ ഏകാംഗകമ്മീഷനായി നിയമിച്ചുകൊണ്ടും കമ്മീഷന്റെ കാലാവധി സമയത്തേക്ക് കൺസോളിഡേറ്റഡ് അലവൻസ് ആയി ഒരു ലക്ഷം രൂപ അനുവദിച്ചുകൊണ്ടും സർക്കാർ വക ഔദ്യോഗിക വാഹനം തൊഴിൽ വകുപ്പിൽ നിന്നും അനുവദിക്കുന്നതിനും കമ്മീഷന്റെ ഓഫീസിന് വേണ്ടി വരുന്ന ആകസ്മിക ചെലവുകൾ അനുവദിക്കുന്നതിനും കമ്മീഷന് ഒരു പേഴ്സണൽ അസിസ്റ്റന്റ്, ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഒരു ഡ്രൈവർ കം അറ്റൻഡർ എന്നീ തസ്തികകൾ തൊഴിൽ വകുപ്പിൽ നിന്നും ജീവനക്കാരെ കമ്മീഷന്റെ കാലപരിധിയിലേക്ക് നിയമിക്കുന്നതിനും ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തിക്കൊണ്ട് 27.11.2015-ലെ സ.ഉ(കൈ) നം. 188/15/തൊഴിൽ പ്രകാരം ഉത്തരവായിരുന്നു.

3)സാങ്കേതിക കാരണങ്ങൾ മൂലം കമ്മീഷന്റെ പ്രവർത്തനം പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ കമ്മീഷന്റെ കാലാവധി 01.03.2016 മുതൽ 6 മാസത്തേക്ക് നീട്ടി നൽകണമെന്ന് ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ കമ്മീഷൻ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷന്റെ കാലാവധി 01.03.2016 മുതൽ 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് 05.04.2016 ലെ സ.ഉ (കൈ) നം 65/16/തൊഴിൽ പ്രകാരം ഉത്തരവായി.

4)ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ കമ്മീഷന്റെ 01.03.2016 മുതലുള്ള പ്രതിമാസ അലവൻസ്, ഔദ്യോഗിക വാഹനത്തിന്റെ ഉപയോഗം, കമ്മീഷന്റെ സ്റ്റാഫംഗങ്ങൾക്ക് പ്രത്യേകമായി യാത്രാബത്തയിലെ പ്രതിമാസ പരിധി ഒഴിവാക്കുന്നത് എന്നിവ സംബന്ധിച്ച് തീരുമാനത്തിനായി ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുള്ളതും ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടിട്ടുള്ളതുമാകുന്നു.

"ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷനെ നിയമിച്ച് അലവൻസ്, കാലാവധി എന്നിവ നിർണ്ണയിച്ചിരിക്കുന്നത് മന്ത്രിസഭയുടെ അംഗീകാരത്തോടെയാണ്. ആയതിനാൽ കമ്മീഷന്റെ കാലവധി ദീർഘിപ്പിക്കുന്നതിലും അലവൻസിന്റെ കാര്യത്തിലും മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണ്. എന്നാൽ ഭരണ വകുപ്പ് മന്ത്രിസഭാ അംഗീകാരം തേടിയതായി കാണുന്നില്ല. ആയവയിൽ മന്ത്രിസഭയുടെ സാധൂകരണം തേടിയ ശേഷം വ്യക്തമായ ശുപാർശയോടെ ഫയൽ തിരികെ നൽകാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു. "

5)പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമിച്ച ജസ്റ്റീസ് കൃഷ്ണൻ നായർ കമ്മീഷനെ ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന നിബന്ധനയോടെ ആദ്യം നിയമിക്കുകയും തുടർന്ന് 6 മാസത്തേയ്ക്കു കൂടി കാലാവധി നീട്ടി നൽകുകയും ചെയ്തു. ഒരു മാസത്തെ കമ്മീഷന്റെ പ്രതിഫലമായി നിശ്ചയിച്ചത് ഒരു ലക്ഷം രൂപയാണ്. എന്നാൽ കാലാവധി നീട്ടിയ 6 മാസത്തെ പ്രതിഫലം കാലാവധി നീട്ടിക്കൊണ്ടുള്ള ഉത്തരവിൽ നിശ്ചയിച്ചിരുന്നില്ല. ആയതുകൂടി തീരുമാനിക്കേണ്ടതിനും കാലാവധി നീട്ടി നൽകിയ ഉത്തരവ് സാധൂകരിക്കുന്നതിനുമായി മന്ത്രിസഭയുടെ പരിഗണനയ്ക്കു സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

1) ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ കാലാവധി 01.03.2016 മുതൽ 31.08.2016 വരെ 6 മാസത്തേക്ക് ദീർഘിപ്പിച്ച് നൽകിയ 05.04.2016-സ.ഉ (കൈ) നം. 65/2016/തൊഴിൽ ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കാമോ?
2) 27.11.2015 തീയതിയിലെ സ.ഉ (കൈ) നം. 188/2015/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പ്ലാന്റേഷൻ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെ കുറിച്ച് പഠിച്ച് ഒരുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച റിട്ട ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ കമ്മീഷന് കൺസോളിഡേറ്റഡ് അലവൻസായി ഒരു ലക്ഷം രൂപ അനുവദിക്കുകയും തുടർന്ന് 05.04.2016 തീയതിയിലെ. സ.ഉ (കൈ) നം. 65/2016/തൊഴിൽ ഉത്തരവ് പ്രകാരം 01.03.2016 മുതൽ 31.08.2016 വരെ 6 മാസത്തേക്ക് കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവിൽ ദീർഘിപ്പിച്ച കാലയളവിലെ കൺസോളിഡേറ്റഡ് അലവൻസിനെ കുറിച്ച് പരാമർശിച്ചിരുന്നില്ല. ആയതിനാൽ കാലാവധി നീട്ടി നൽകിയ 6 മാസത്തേക്കുള്ള കൺസോളിഡേറ്റഡ് അലവൻസ് നിലവിൽ ഒരു മാസത്തേക്ക് അനുവദിച്ച ഒരു ലക്ഷം രൂപയിൽ നിന്നും വർദ്ധിപ്പിക്കേണ്ടതുണ്ടോ?

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ്- സംസ്ഥാനത്ത് പ്ളാന്റേഷൻ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി നിയോഗിച്ച ഏകാംഗ കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

**തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്**

**സ.ഉ.(കൈ) നം.65/2016/തൊഴിൽ. തീയതി, തിരുവനന്തപുരം, 05-04-2016**

പരാമർശം :- (1) 27-11-15-ലെ സ.ഉ.(കൈ) നം.188/15/തൊഴിൽ നമ്പർ ഉത്തരവ്.

(2) ഏകാംഗ കമ്മീഷൻ റിട്ട.ജസ്റ്റിസ്.N.കൃഷ്ണൻനായരുടെ 03-03-16-ലെ കത്ത്.

ഉത്തരവ്

സംസ്ഥാനത്ത് പ്ളാന്റേഷൻ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻനായരെ പരാമർശം 1 പ്രകാരം ഏകാംഗ കമ്മീഷനായി നിയമിച്ചുകൊണ്ട് ഉത്തരവായിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങൾ മൂലം കമ്മീഷന്റെ പ്രവർത്തനം പൂർത്തിയാക്കുവാൻ സാധിക്കാത്തതിനാലും കമ്മീഷന്റെ കാലാവധി 01-03-16- മുതൽ 6 മാസത്തേയ്ക്ക് നീട്ടി നൽകണമെന്ന് ജസ്റ്റിസ്. N. കൃഷ്ണൻനായർ പരാർശം 2 കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ബഹു.കമ്മീഷന്റെ കാലാവധി 01-03-16 മുതൽ 6 മാസത്തേയ്ക്കു കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പി.ഹരികുമാർ,
അഡീഷണൽ സെക്രട്ടറി.

ജസ്റ്റിസ്. എൻ. കൃഷ്ണൻനായർ, ചിന്മയാലയ, ശങ്കർ റോഡ്, ശാസ്തമംഗലം, തിരുവനന്തപുരം.
ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ളാന്റേഷൻസ്, കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ആഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ഉന്നത വിദ്യാഭ്യാസ വകുപ്പ് .
സ്റ്റോർ പർച്ചേയ്സ് വകുപ്പ്.
പ്രിന്റിംഗ് ഡയറക്ടർ.
കൺട്രോളർ ഓഫ് സ്റ്റേഷനറി.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Sreekala

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ്- സംസ്ഥാനത്ത് പ്ലാന്റേഷൻ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് വിശദമായി പഠിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻനായരെ ഏകാംഗ കമ്മീഷനായി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്**

**സ.ഉ.(കൈ.) നം.188/2015/തൊഴിൽ. തീയതി, തിരുവനന്തപുരം, 27-11-2015**

ഉത്തരവ്

സംസ്ഥാനത്ത് പ്ലാന്റേഷൻ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് വിശദമായി പഠിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻനായരെ ഏകാംഗ കമ്മീഷനായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. അദ്ദേഹത്തിന്, കമ്മീഷന്റെ കാലാവധി സമയത്തേയ്ക്ക് കൺസോളിഡേറ്റഡ് അലവൻസ് ആയി ഒരു ലക്ഷം രൂപ അനുവദിച്ചിരിക്കുന്നു.

കമ്മീഷന്റെ ഓഫീസ് തിരുവനന്തപുരം തൊഴിൽ ഭവനിലും, പീരുമേട് ഗസ്റ്റ് ഹൗസിലും ആവശ്യമായ ക്രമീകരണം വരുത്തി പ്രവർത്തനക്ഷമമാക്കുന്നതിനും, സർക്കാർ വക ഔദ്യോഗിക വാഹനം തൊഴിൽ വകുപ്പിൽ നിന്നും അനുവദിക്കുന്നതിനും കമ്മീഷന്റെ ഓഫീസിന് വേണ്ടി വരുന്ന ആകസ്മിക ചെലവുകൾ അനുവദിക്കുന്നതിനും, കമ്മീഷന് ഒരു പേഴ്സണൽ അസിസ്റ്റന്റ്, ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഒരു ഡ്രൈവർ കം അറ്റൻഡർ എന്നീ തസ്തികകൾ തൊഴിൽ വകുപ്പിൽ നിന്ന് യോഗ്യതയുള്ള ജീവനക്കാരെ കമ്മീഷന്റെ കാലപരിധിയിലേയ്ക്ക് നിയമിക്കുന്നതിനും ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

കമ്മീഷന്റെ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സ്റ്റേഷനറി, കൺട്രോളർ ഓഫ് സ്റ്റേഷനറി അനുവദിക്കേണ്ടതാണ്.

കമ്മീഷന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ അച്ചടി പ്രിന്റിംഗ് ഡയറക്ടർ നിർവഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ടോം ജോസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

ജസ്റ്റിസ്. എൻ. കൃഷ്ണൻനായർ, ചിന്മയാലയ, ശങ്കർ റോഡ്, ശാസ്തമംഗലം, തിരുവനന്തപുരം.
ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ആഡിറ്റ്), കേരളം, തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ഉന്നത വിദ്യാഭ്യാസ വകുപ്പ് .
സ്റ്റോർ പർച്ചേയ്സ് വകുപ്പ്.
പ്രിന്റിംഗ് ഡയറക്ടർ.
കൺട്രോളർ ഓഫ് സ്റ്റേഷനറി.
വിവര പൊതുജന സമ്പർക്ക വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 7768 തീയതി 25/11/15)
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Sheela...
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പി.എസിന്
തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

## Note for the Council of Ministers

This note relates to the ratification of the extension of the period of 6 months for Justice Krishnan Nair Commission which is appointed for the study of the various problems of Plantation sector in Kerala vide G.O (MS) No. 65/2016/LBR dated 05.04.2016 for the period from 01.03.2016 to 31.08.2016 and payment of allowance for the extended period.

2)Vide G.O (MS) No. 188/2015/LBR dated 27.11.2015 the Government have appointed Justice Krishnan Nair Commission to study and submit report within one month on the problems prevailing in the plantation sector on the consolidated pay at the rate of Rs. One Lakh per month. Labour Commissioner was authorised to provide official vehicle, unexpected expenses for the Commission and necessary staff of Personal Assistant, Confidential Assistant and Driver cum Attendant from Labour Department for the tenure of the Commission.

3)Due to technical reasons the mission of the Commission couldn't be completed within the stipulated period of one month and based on the request of the Commission the period was extended for six months from 01.03.2016 vide G.O (MS) No. 65/2016/LBR dated 05.04.2016.

4) The Finance Department offered the remarks as follows regarding the monthly allowance, use of official vehicle exemption of the monthly ceiling limit of Travel Allowance in respect of the Justice Krishnan Nair Commission.

"ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷനെ നിയമിച്ച് അലവൻസ്, കാലാവധി എന്നിവ നിർണ്ണയിച്ചിരിക്കുന്നത് മന്ത്രിസഭയുടെ അംഗീകാരത്തോടെയാണ്. ആയതിനാൽ കമ്മീഷന്റെ കാലവധി ദീർഘിപ്പിക്കുന്നതിലും അലവൻസിന്റെ കാര്യത്തിലും മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണ്. എന്നാൽ ഭരണ വകുപ്പ് മന്ത്രിസഭാ അംഗീകാരം തേടിയതായി കാണുന്നില്ല. ആയവയിൽ മന്ത്രിസഭയുടെ സാധൂകരണം തേടിയ ശേഷം വ്യക്തമായ ശുപാർശയോടെ ഫയൽ തിരികെ നൽകാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു.

5) The Hon'ble Chief Minister has ordered to place the matter before the Council of Ministers for ratification of the extension of the period of 6 months from 01.03.2016 to 31.08.2016 of Justice Krishnan Nair Commission vide G.O (MS) No. 65/2016/LBR dated 05.04.2016 and for the decision on consolidated allowance to the commission for the extended period of 6 months.

### Points for decision

1) Whether the Government Order issued vide G.O (MS) No. 65/2016/LBR dated 05.04.2016 extending the period of Justice Krishnan Nair Commission for 6 months from 01.03.2016 to 31.08.2016 may be ratified?

2) Vide G.O.(Ms) No. 188/2015/LBR dated 27.11.2015 Retired Justice N. Krishnan Nair Commission has been appointed to study the problems prevailing in plantation sector and to submit report within a month on the consolidated pay at @ Rs. One Lakh only and vide G.O (Ms) No. 65/2016/LBR dated 05.04.2016, the tenure of Commission was extended for 6 months from 01.03.2016 to 31.08.2016 and in the Order consolidated allowance for the extended period of six months was not mentioned. Hence the total consolidated allowance for the extended period of 6 months need be increased from Rs. One lakh which was allowed for one month vide G.O (Ms) No. 188/2015/LBR dated 27.11.2015?